റാവുസാഹിബ്ബ് എ. മാധവപ്രഭു: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കെ. ഡീവർ: ദിവാൻജി വോട്ടുപിടിക്കുന്നതിനു ശ്രമിച്ചുവെന്ന പുറമെ പ്രചാരംനടത്തുന്നുണ്ടെന്നുള്ളതറിയാമൊ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: പുറമെ പറഞ്ഞുകേട്ടു. അതിൽ കൂടുതൽ എനിക്കറിഞ്ഞുകൂടാ and that paper in which the allegation against the Diwan having gone there is not here. But that is not the subject matter of this.

മിസ്റ്റർ കെ. എ. രാഘവൻ: നമ്മുടെ രാജ്യത്തിൽ അരക്ഷിതാവസ്ഥയും അരാജകത്വവുമുണ്ടാക്കാൻ ദിവാൻജി പരോക്ഷമായി പരിശ്രമിച്ചുവെന്ന ആരോപണം അതിലില്ലെ?

Rao Sahib A. Madhava Prabhu *(Chief Secretary to Government)*: I am sorry, I cannot understand you. Will you please put it in a more simpler form?

മിസ്റ്റർ കെ. എ. രാഘവൻ: കൊച്ചിയിൽ ഒരു രാജാവില്ലാത്ത അവസ്ഥയും, ജനങ്ങൾക്കു യാതൊരു രക്ഷയുമില്ലാത്ത അവസ്ഥയുമുണ്ടാക്കാൻ ദിവാൻജി Indirect ആയിട്ട് പരിശ്രമിച്ചുവെന്ന ആരോപണമുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, 'അരാജകത്വം' എന്നു പറഞ്ഞാൽ രാജാവില്ലാത്ത അവസ്ഥ എന്നല്ല അതിന്റെ അർത്ഥം Political confusion എന്നാണർത്ഥം.

മിസ്റ്റർ കെ. എ. രാഘവൻ: പക്ഷെ, സാധാരണ ജനങ്ങൾ അരാജകത്വം എന്നു പറഞ്ഞാൽ രാജാവില്ലാത്ത അവസ്ഥ എന്നാണ് അർത്ഥം ധരിക്കുക. അങ്ങിനെ ഒരാരോപണം ആ ലേഖനത്തിലുണ്ടോ എന്നാണു ചോദിക്കുന്നതു്.

റാവുസാഹിബ്ബ് എ. മാധവപ്രഭു: ഇല്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഗവൺമെണ്ടു് ഉദ്യോഗസ്ഥന്മാർ പണംകെട്ടുത്തുവെന്ന ആരോപണം അതിലുണ്ടെന്നും അതിനെക്കുറിച്ചുനേഷിച്ചുതിൽ അങ്ങിനെ ഉണ്ടായിട്ടില്ലെന്നതെളിഞ്ഞുവെന്നും പറഞ്ഞു. ആ സ്ഥിതിക്കു് ആ ഗവൺമെണ്ടുദ്യോഗസ്ഥന്മാരുടെ രക്ഷയ്ക്കുവേണ്ടി എന്തുകൊണ്ടു് അതിന്മേൽ നടപടി എടുത്തില്ല?

റാവുസാഹിബ്ബ് എ. മാധവപ്രഭു: അതാണു പറഞ്ഞതു്. എന്തുനടപടിയാണെടുക്കേണ്ടതെന്നതിനെക്കുറിച്ചാലോചിക്കുന്നതേയുള്ളുവെന്നു്.

BREAK-DOWN OF CAR No. 14 (STATE CAR)

207. Mr. P. Kumaran Ezhuthassan *(Vadakkancheri)*: Will Government be pleased to state.—

(*a*) did Car No. 14 (State Car) breake-down in one of the villages of the Nellayi constituency subsequent to the filing of nomination paper for election by Mr. C. R. Iyyunni;

(*b*) was the Minister for Public Works in the car when it broke down (Axle broken);

(*c*) in what connection was the car at the place when it broke down?

Mr. K. S. Raghavan *(Secretary to Government)*:

(*a*) Yes.

(*b*) Yes.

(*c*) The car was proceeding from Ernakulam to Cherpu.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: In the light of what the Hon'ble Minster explained to this House on another occasion I do not want to put the question.

CRIMINAL JURISDICTION OVER COCHIN STATE RAILWAY

208. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു ദയവായി മറുപടിപറയുമോ.—

(എ) കൊച്ചിൻ സ്റ്റേറ്റ് റെയിൽവെയുടെ അധീനത്തിലുള്ള പ്രദേശങ്ങളുടെമേൽ ക്രിമിനൽ അധികാരം ആർക്കാണു്;

(ബി) ആ അധികാരം കൊച്ചിക്കു കൈമാറി കിട്ടുവാൻ വല്ല നടപടിയും കൊച്ചി ഗവൺമെണ്ടു് എടുത്തിട്ടുണ്ടൊ?

LIBRARY ARCHIVES Kerala Legislative Assembly